# ഗവൺമെന്റ് എച്ച്.എസ്.എസ്. ആയാപറമ്പ്



# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-2026

# വിജയപഥം

# 2025 – 2026

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | : ആലപ്പുഴ |
| സ്കൂൾ കോഡ് | : 35028 |
| സ്കൂൾ പേര് | : ഗവ.എച്ച്.എസ്.എസ്.ആയാപറമ്പ് |
| വിലാസം | : ഗവ.എച്ച്.എസ്.എസ്.ആയാപറമ്പ്, ചെറുതന പി.ഒ ആലപ്പുഴ |
| പിൻകോഡ് | : 690517 |
| ഫോൺ | : 0479 2412730 |
| ഇമെയിൽ | : 35028alappuzha@gmail.com |
| സ്ഥാപിതം | : 1882 |
| ഗ്രാമപഞ്ചായത്ത് | : ചെറുതന |
| ജില്ല | : ആലപ്പുഴ |
| ക്ലാസ്സുകൾ | : 1-12 |
| ഭരണം | : ഗവൺമെന്റ് |
| മാധ്യമം | : മലയാളം, ഇംഗ്ലീഷ് |

# ആമുഖം

അദ്ധ്യയന മാസ്റ്റർ പ്ലാൻ നമ്മുടെ സ്കൂളിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്ന ഒരു സമഗ്രമായ രേഖയാണ്. വിദ്യാർത്ഥികളുടെ അറിവും കഴിവും വികസിപ്പിക്കാനുള്ള ശ്രമങ്ങളെ കൂടുതൽ ക്രമബദ്ധവും ഫലപ്രദവും ആക്കുവാൻ ഈ മാസ്റ്റർ പ്ലാൻ സഹായിക്കും. സ്കൂളിലെ അധ്യാപകരുടെ സംയുക്ത സംരംഭമായും കുട്ടികളുടെ അഭിരുചികളും സാഹചര്യങ്ങളും മുൻനിർത്തിയും തയ്യാറാക്കുന്ന ഈ പദ്ധതിയിൽ ഓരോ വിഷയത്തിന്റേയും അധ്യാപന-അഭ്യാസ പ്രവർത്തനങ്ങൾ വിശദമായി ആസൂത്രണം ചെയ്തിരിക്കുന്നു. വർഷം പൂർണ്ണമായി നടത്തേണ്ട പ്രവർത്തനങ്ങൾക്ക് ഒരു ഏകോപിതരൂപം നൽകുക, പഠനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, വിദ്യാർത്ഥികളിൽ സ്വയം പഠിക്കാനുള്ള അഭിരുചി വളർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ഈ പദ്ധതി അധ്യാപകരെ ഒരേ ദിശയിൽ കൊണ്ടു നയിക്കുകയും, വിദ്യാർത്ഥികളുടെ സർവാംഗീണ പുരോഗതിക്ക് അന്തരീക്ഷം ഒരുക്കുകയും ചെയ്യും എന്നത് ഉറപ്പാണ്. നമ്മുടെ സ്കൂളിൽ നിലവിലുള്ള അധ്യാപന പാഠപ്രവർത്തനങ്ങളിൽ നൂതന ചിന്തയും പ്രാപ്തമാക്കലും നൽകാനുള്ള ഈ പദ്ധതിയുടെ നേട്ടം എല്ലാവർക്കും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## അക്കാദമിക നേട്ടങ്ങൾ

- 2025 SSLC പരീക്ഷാ വിജയം
- 100% വിജയം
- 81 കുട്ടികളിൽ: 10 പേർക്ക് മുഴുവൻ A+ , 3 പേർക്ക് 9 A+.

## പ്രധാന നേട്ടങ്ങൾ

- സബ് ജില്ലാ കായിക മേള – കിരീടം.
- LSS സ്കോളർഷിപ്പ് – 1 വിദ്യാർത്ഥി.
- USS സ്കോളർഷിപ്പ് – 2 വിദ്യാർത്ഥികൾ.
- NMMS സ്കോളർഷിപ്പ് – 1 വിദ്യാർത്ഥി.
- YIP ശാസ്ത്രപഥം, Inspire അവാർഡ് – പങ്കാളിത്തം.

## പഠന – പാഠ്യേതര പ്രവർത്തനങ്ങൾ

- സുഗന്ധഭൂമി പദ്ധതി നടപ്പിലാക്കുന്നു.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ശ്രദ്ധ പദ്ധതി.
- Adolescence Awareness പദ്ധതി.
- മാസത്തിലെ പ്രധാന ദിനാചരണങ്ങൾ.
- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ.
- സ്കൂൾ കൗൺസിലിംഗ് സേവനം.
- അധ്യാപന – പരിശീലന രീതികൾ.
- ക്ലാസ് റൂം പരിശീലനം.
- പ്രത്യേക ക്ലാസുകൾ.
- ശാസ്ത്ര പരിശീലനം.
- കായിക പരിശീലനം.
- സാമൂഹിക – സാംസ്കാരിക പ്രവർത്തനങ്ങൾ.
- വിദ്യാർത്ഥി വളർച്ചാ ദർശനം.

# ചരിത്രം

ഹരിപ്പാടിന് 6 Km വടക്കുമാറി ചെറുതന എന്ന ഗ്രാമത്തിൽ അച്ചൻകോവിലാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്നു.1882-ൽ സ്ഥാപിച്ച ഈ വിദ്യാലയം ആലപ്പുഴ ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

1882 മെയ് ൽ ഒരു ലോവർ പ്രൈമറി സ്കൂൾ എന്ന നിലയിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. 1919 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഹൈസ്കൂളിന്റെ ആദ്യ പ്രധാന അദ്ധ്യാപകനായ വി. നാരായണപ്പിള്ള സാറിന്റെ രൂപകല്പനയിലും മേൽനോട്ടത്തിലും വിദ്യാലയത്തിന്റെ ഇപ്പോൾ നിലവിലുള്ള പ്രധാന കെട്ടിടം നിർമിക്കപ്പെട്ടു. 2000-ത്തിൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു.വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും ഏറെ വികസിച്ച ഈ പ്രദേശം ആലപ്പുഴ ജില്ലയിലെ ഏറ്റവും പഴക്കമുള്ള വിദ്യാലയങ്ങളിലൊന്നാണ് ആണ്. മൂന്ന് ഏക്കറിൽ ഉൾപ്പെടെ സ്ഥിതിചെയ്യുന്ന വിശാലയ കളിസ്ഥലം ഈ വിദ്യാലയത്തിലെ ഒരു പ്രത്യേകത. കൂടാതെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശത്തിലെ ജനങ്ങൾക്ക് കൈത്താങ്ങായി സ്കൂൾ കോമ്പൗണ്ടിൽ പുതുതായി പണികഴിപ്പിച്ച ദുരിതാശ്വാസ കേന്ദ്രവും നിലനിൽക്കുന്നു.

## 1. ദിശാനിർണ്ണയം (Vision & Mission)

വിദ്യാലയ ദർശനം:

"അറിവും, ആത്മവിശ്വാസവും, സാമൂഹിക ബോധവുമുള്ള പൗരന്മാരെ വളർത്തുന്നു."

ലക്ഷ്യങ്ങൾ:

- വിദ്യാർത്ഥികളുടെ ബൗദ്ധിക, മാനസിക, ശാരീരിക, ആത്മീയ വളർച്ച.
- സമൂഹത്തോടും , കുടുംബത്തിലും പ്രകൃതിയോടും കൂട്ടായ്മയോടെ ജീവിക്കാനുള്ള മനോഭാവം.
- കൃത്യമായ പഠനലക്ഷ്യങ്ങൾ, തുല്യ അവസരങ്ങൾ, കൂടുതൽ പങ്കാളിത്തം.

## 2. നിലവിലെ അവലോകനം

ശക്തികൾ:

- സമർപ്പിത അധ്യാപകർ.
- വിദ്യാർത്ഥികളിൽ പഠനോത്സാഹം.
- ശാന്തമായ സ്കൂൾ അന്തരീക്ഷം.

ദൗർബല്യങ്ങൾ:

- കുറവ് അടിസ്ഥാന സൗകര്യങ്ങൾ (ലാബ്, ലൈബ്രറി, ക്ലാസ്സ് മുറികൾ, കായിക അധ്യാപകന്റെ കുറവ്, സമൂഹ പരിപാടി കൾ നടത്താനുള്ള സൗകര്യം ഇല്ലായ്മ.
- കുറച്ച് വിദ്യാർത്ഥികൾക്ക് പഠനശ്രമം കുറവ്.

സാധ്യതകൾ:

- DIET, SCERT പരിശീലനങ്ങൾ.
- പി.ടി.എ, എസ്.എം.സി. പ്രവർത്തനം.

ഭീഷണികൾ:
- ലഹരി ഉപയോഗം, , സാമൂഹിക സമ്മർദ്ദങ്ങൾ. മോശപ്പെട്ട കുടുംബ അന്തരീക്ഷം. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾ

## 3. പദ്ധതി ലക്ഷ്യങ്ങൾ

ലഘുകാലം (1 വർഷം):
- ക്ലാസ് അടിസ്ഥാനത്തിലുള്ള പഠന നിലവാര നിർണ്ണയം.
- "മൗലിക വിദ്യാർത്ഥി മികവ്" ലക്ഷ്യമാക്കി തകൃതമായ സഹായം.

ദീർഘകാലം (3–5 വർഷം):
- വിദ്യാർത്ഥികളിൽ ജീവിതനൈപുണ്യങ്ങൾ വളർത്തുന്ന സ്കൂൾ ശൈലി.
- 100% ഹോളിസ്റ്റിക് സ്കൂൾ വർദ്ധനവിന്റെ കരാർ (SQIP).
- പൂർണ്ണമായ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗം.

## 4. പ്രധാന പ്രവർത്തനങ്ങൾ (മാസാനുസൃതമായി)

ജൂൺ – പഠനനില വിലയിരുത്തൽ
ജൂൺ-ജൂലൈ – Bridge Course (8–9 ക്ലാസുകൾ), വായനദിനം, വായന വാരം, ലഹരി വിരുദ്ധ ബോധവൽക്കരണം, പരിസ്ഥിതി ദിനം
ജൂലൈ – ലഹരി വിരുദ്ധ ബോധവത്കരണം, ക്ലാസ്സ് പരീക്ഷകൾ
ഓഗസ്റ്റ് – STD 10 ഗണിതം Remedial Sessions
സെപ്റ്റംബർ – വായനാ ആഘോഷം
ഒക്ടോബർ – ശാസ്ത്ര പ്രദർശനം
നവംബർ – ഹരിത വിദ്യാലയം പ്രവർത്തനം
ഡിസംബർ – വിദ്യാർത്ഥി പാർലമെന്റ്, ക്ലബ് പ്രവർത്തനങ്ങൾ

## 5. പഠന രീതി

- പാഠപുസ്തകങ്ങൾ വഴി ശ്രവണ-വൈശേഷിക പഠനം.
- ഗ്രൂപ്പ് പ്രവർത്തനങ്ങൾ, റോള്പ്ലേ, പ്രോജക്ട് അധിഷ്ഠിത പഠനം.
- എല്ലാ ക്ലാസുകൾക്കും തുല്യപാധിക പഠനാവസരങ്ങൾ.

## 6. നിരീക്ഷണ സംവിധാനം

- ക്ലാസ് തലത്തിൽ: വിദ്യാർത്ഥി പോർട്ട്ഫോളിയോ. ക്ലാസ്സ് ടെസ്റ്റുകൾ, ടെർമിനൽ പരീക്ഷകൾ
- സ്കൂൾ തലത്തിൽ: മാസത്തിൽ രണ്ടു പ്രാവശ്യം നടത്തുന്ന എസ്. ആർ. ജി മീറ്റിംഗിൽ വിലയിരുത്തൽ.

ഉപജില്ലാ ജില്ലാ തലത്തിൽ D EO/: DIET / CRC / BRC സന്ദർശനങ്ങൾ.

## 7. അധ്യാപക പരിശീലനം

- അവധിക്കാല പരിശീലനം, മാസം തോറും ഉള്ള ക്ലസ്റ്റർ പരിശീലന ങ്ങൾ, kite നൽകുന്ന ഐ. റ്റി പരിശീലനങ്ങൾ
- ആത്മവിശ്വാസ വർധിപ്പിക്കുന്ന ക്ലാസുകൾ.
- SCERT, Samagra പ്രവർത്തനങ്ങൾ.

## 8. പങ്കാളിത്തം

- PTA, SMC, SPC, Eco Club, Haritha Sena എന്നിവയുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.
-

## 9. സംഗ്രഹം / ഉപസംഹാരം

വിദ്യാർത്ഥികളുടെ സമഗ്ര വികസനം, ജീവിതനൈപുണ്യങ്ങൾ, മനുഷ്യാധിഷ്ഠിത സമീപനം, പരിസ്ഥിതബോധം

എന്നിവ കേന്ദ്രീകരിച്ചാണ് ഈ മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുന്നത്.

# സമഗ്ര വികസന മൊഡ്യൂൾ 2025-2026

| തീയതി | തീം | | |
|---|---|---|---|
| | എൽ പി വിഭാഗം (2 മുതൽ 4 വരെ) | യുപി വിഭാഗം (5 മുതൽ 7 വരെ ) | ഹൈസ്കൂൾ വിഭാഗം (8 മുതൽ 10 വരെ ) |
| 03/06/2025 | പൊതു വിഷയങ്ങൾ | മയക്കുമരുന്ന്,ലഹരി ഉപയോഗത്തിനെതിരെ | മയക്കുമരുന്ന് ലഹരി ഉപയോഗത്തിനെതിരെ |
| 04/06/2025 | ട്രാഫിക് നിയമങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ. | ട്രാഫിക് നിയമങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ. | ട്രാഫിക് നിയമങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ. |
| 05/06/2025 | വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം. | വ്യക്തി ശുചിത്വം,പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം. | വ്യക്തി ശുചിത്വം,പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം. |

| | | | |
|---|---|---|---|
| 09/06/2025 | ആരോഗ്യം വ്യായാമം<br>കായിക ക്ഷമത<br>ആഹാരശീലം | ആരോഗ്യം വ്യായാമം<br>കായിക ക്ഷമത<br>ആഹാരശീലം | ആരോഗ്യം വ്യായാമം<br>കായിക ക്ഷമത<br>ആഹാരശീലം |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം | ഡിജിറ്റൽ അച്ചടക്കം | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം<br>നിയമബോധം കാലാവസ്ഥ<br>മുൻകരുതൽ | പൊതുമുതൽ<br>സംരക്ഷണം<br>നിയമബോധം<br>കാലാവസ്ഥ<br>മുൻകരുതൽ | പൊതുമുതൽ<br>സംരക്ഷണം<br>നിയമബോധം<br>കാലാവസ്ഥ<br>മുൻകരുതൽ |
| 12/06/2025 | പരസ്പര<br>സഹകരണത്തിന്റെ<br>പ്രാധാന്യം | പരസ്പര<br>സഹകരണത്തിന്റെ<br>പ്രാധാന്യം | റാഗിംഗ് വൈകാരിക<br>നിയന്ത്രണമില്ലായ്മ,പര<br>സ്പര സഹകരണത്തിന്റെ<br>പ്രാധാന്യം |
| 13/06/2025 | പൊതു ക്രോഡീകരണം | പൊതു ക്രോഡീകരണം | പൊതു ക്രോഡീകരണം |

# അക്കാദമിക കലണ്ടർ 2025-2026

| Sl No | Name of Programme | Date |
|---|---|---|
| 1 | പ്രവേശനോത്സവം | ജൂൺ 2 |
| 2 | പരിസ്ഥിതി ദിനം, പച്ചക്കറി തോട്ടം ആരംഭിക്കൽ | ജൂൺ 5 |
| 3 | SRG യോഗം | ജൂൺ 6 |
| 4 | CPTA 10 th സ്റ്റാൻഡേർഡ് | ജൂൺ 13 |
| 5 | വായന ദിനം | ജൂൺ 19 |
| 6 | വായനക്കളരി നവീകരണം | ജൂൺ 19-25 |
| 7 | യോഗ ദിനം. | ജൂൺ 21 |
| 8 | ലഹരിവിരുദ്ധ ദിനം | ജൂൺ 26 |
| 9 | പേവിഷബാധ ബോധവൽക്കരണം | ജൂൺ 30 |
| 10 | SRG യോഗം | ജൂലൈ4 |
| 11 | ബഷീർ ചരമദിനം | ജൂലൈ 5 |

| | | |
|---|---|---|
| 12 | ലോകജനസംഖ്യാ ദിനം | ജൂലൈ 11 |
| 13 | ഫസ്റ്റ് midterm exam | ജൂലൈ 14 |
| 14 | CPTA | ജൂലൈ 27 |
| 15 | ചാന്ദ്രദിനം | ജൂലൈ 21 |
| 16 | പ്രേംചന്ദ് ദിനം | ജൂലൈ 31 |
| 17 | ഹിരോഷിമ ദിനം | ആഗസ്റ്റ് 6 |
| 18 | സ്വാതന്ത്ര്യ ദിനാഘോഷം | ആഗസ്റ്റ് 15 |
| 19 | SRG യോഗം | ആഗസ്റ്റ് 26 |
| 20 | ഓണാഘോഷം / PTA/MPTA | സെപ്റ്റംബർ 2 |
| 21 | Maths ക്ലബ് | സെപ്റ്റംബർ 2 |
| 22 | നാടക ക്യാമ്പ് | സെപ്റ്റംബർ 3 |
| 23 | വിദ്യാരംഗം | സെപ്റ്റംബർ 3 |
| 24 | അധ്യാപക ദിനം | സെപ്റ്റംബർ 5 |

| | | |
|---|---|---|
| 25 | ഇംഗ്ലീഷ് ക്ലബ് | സെപ്റ്റംബർ 5 |
| 26 | ഓസോൺ ദിനം | സെപ്റ്റംബർ 16 |
| 27 | സയൻസ് ക്ലബ് | സെപ്റ്റംബർ 16 |
| 28 | സാഹിത്യ ശിൽപശാല | സെപ്റ്റംബർ 17 |
| 29 | വിദ്യാരംഗം | സെപ്റ്റംബർ 17 |
| 30 | CPTA | സെപ്റ്റംബർ 23 |
| 31 | SRG യോഗം | സെപ്റ്റംബർ 30 |
| 32 | തൊഴിൽ പരിശീലനം (VII ക്ലാസ്) | ഒക്ടോബർ 1 |
| 33 | ഗാന്ധിജയന്തി | ഒക്ടോബർ 2 |
| 34 | PTA/MPTA | ഒക്ടോബർ 7 |
| 35 | പുസ്തകവണ്ടി | ഒക്ടോബർ 22 |
| 36 | SRG യോഗം | ഒക്ടോബർ 28 |
| 37 | PTA/MPTA | നവംബർ 4 |

| | | |
|---|---|---|
| 38 | തൊഴിൽ പരിശീലനം (VI ക്ലാസ്) | നവംബർ 12 |
| 39 | ശിശുദിനം | നവംബർ 14 |
| 40 | Language ക്ലബ് | നവംബർ 14 |
| 41 | SRG യോഗം | നവംബർ 25 |
| 42 | സ്കൂൾ പൂന്തോട്ട നിർമ്മാണം | നവംബർ 26 |
| 43 | PTA/MPTA | ഡിസംബർ 2 |
| 44 | ക്ലാസ് ഗണിതശില്പശാല | ഡിസംബർ 10 |
| 45 | ശ്രീനിവാസ രാമാനുജൻ ദിനം | ഡിസംബർ 22 |
| 46 | SRG യോഗം | ഡിസംബർ 23 |
| 47 | PTA/MPTA | ജനുവരി 6 |
| 48 | CPTA | ജനുവരി 13 |
| 49 | തൊഴിൽ പരിശീലനം (V ക്ലാസ്) | ജനുവരി 14 |
| 50 | റിപ്പബ്ലിക് ദിനം | ജനുവരി 26 |

| | | |
|---|---|---|
| 51 | SRG യോഗം | ജനുവരി 27 |
| 52 | നീന്തൽ/സൈക്കിൾ പരിശീലനം | ജനുവരി 28 |
| 53 | PTA/MPTA | ഫെബ്രുവരി 3 |
| 54 | ലാംഗ്വേജ് ലാബ് ഉദ്ഘാടനം | ഫെബ്രുവരി 10 |
| 55 | ആരോഗ്യ ക്ലാസ്, പോഷകാഹാര ക്യാമ്പ് | ഫെബ്രുവരി 11 |
| 56 | SRG യോഗം | ഫെബ്രുവരി 24 |
| 57 | ദേശീയ ശാസ്ത്രദിനം | ഫെബ്രുവരി 28 |
| 58 | PTA/MPTA | മാർച്ച് 4 |
| 59 | പഠനോത്സവം | മാർച്ച് 7 |
| 60 | SRG യോഗം | മാർച്ച് 25 |

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 1 2025 – 2026

സ്കൂൾ: ജി.എച്ച്.എസ്.എസ്. ആയാപറമ്പ്

ഉള്ളടക്കം:


ആമുഖം
മലയാളം പ്ലാൻ
പ്രവർത്തന കലണ്ടർ
പാട്ടരങ്ങ്
സംയുക്ത ഡയറി
റീഡേഴ്സ് തിയറ്റർ
വായനോത്സവം
രചനോത്സവം
ശില്പശാല
വിലയിരുത്തൽ
ഗണിത പ്ലാൻ
പരിസരപഠന പ്ലാൻ
ഇംഗ്ലീഷ് പ്ലാൻ

<u>ആമുഖം</u>

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഉപജില്ലയിൽ ജി.എച്ച്.എസ്.എസ്. ആയാപറമ്പിലെ ഒന്നാം ക്ലാസ് കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ആണിത്. ക്ലാസ്സിൽ ആകെയുള്ള കുട്ടികൾ 6. ഇതിൽ 5 കുട്ടികൾ പ്രീ പ്രൈമറിയിലും 1 കുട്ടി ആശാൻ കളരിയിലും പോയ അനുഭവം ഉള്ളവരാണ്. വീടും സമൂഹവും മെച്ചപ്പെട്ടവരും മെച്ചപ്പെട്ട വിദ്യാഭ്യാസം കിട്ടിയവരും ആണ് രക്ഷിതാക്കൾ. ഈ കുട്ടികളെ മുൻനിർത്തി ഇവരെയും മികച്ചവരാക്കാൻ വേണ്ടി തയ്യാറാക്കിയ മാർഗരേഖയാണ് ഇവിടെ കൊടുത്തിരിക്കുന്നത്.

ഒന്നാം ക്ലാസിലേക്ക് കടന്നുവന്ന മുഴുവൻ കുട്ടികളേയും ഭാഷയിൽ ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച ആശയം പറഞ്ഞും എഴുതിയും പങ്കിടാൻ കഴിവുള്ളവരാക്കുക, സ്വതന്ത്ര രചന നടത്താൻ കഴിവുള്ളവരാക്കുക എന്നതാണ് ഞാൻ മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യങ്ങൾ. ഈ രീതിയിൽ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്ര പദ്ധതിയുടെ ഭാഗമായി എന്റെ കുട്ടികൾക്ക് പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ് ക്ലാസ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>

സ്കൂൾ: ജി.എച്ച്.എസ്.എസ്. ആയാപറമ്പ്

ക്ലാസ്സ് ടീച്ചർ: ശ്രീലേഖ എസ്.

ഉപജില്ല: ഹരിപ്പാട്

ജില്ല: ആലപ്പുഴ

വിഷയം: മലയാളം

## <u>പ്രവർത്തന കലണ്ടർ</u>

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1 | പാട്ടരങ്ങ് | ജൂൺ മാർച്ച് |
| 2 | സംയുക്ത ഡയറി | ജൂലൈ മാർച്ച് |
| 3 | വായനോത്സവം | ജൂൺ മാർച്ച് |
| 4 | കലോത്സവം | ഡിസംബർ മാർച്ച് |
| 5 | നിർമ്മാണ ശില്പശാല | ആഗസ്റ്റ് |
| 6 | രചനോത്സവം | ജനുവരി മാർച്ച് |
| 7 | വിലയിരുത്തൽ | ജൂൺ മാർച്ച് |

പാട്ടരങ്ങ് - ജൂൺ മാർച്ച്

ഉപലക്ഷ്യങ്ങൾ:

ഒന്നാം ക്ലാസിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രധാനമായ സ്ഥാനമാണുള്ളത്.താളാത്മകമായ ഭാഷ ആശയ അവതരണ രീതി പ്രകാരമുള്ള ഭാഷാ പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. കുട്ടികളിലെ താളബോധം വികസാത്തിനും പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. കുട്ടികളിൽ പഠന താൽപര്യം വളർത്താനും പഠനം ആസ്വാദ്യമാക്കുന്നതിനും സഹായകമാണ് പാട്ടുകൾ. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ ചെറു സദസിനു മുൻപാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടുനിൽക്കുകയും ചെയ്യുന്ന തരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഒന്നാം ക്ലാസിൽ പാട്ടുമായി ബന്ധപ്പെട്ട പഠന ലക്ഷ്യങ്ങൾ ഭാഷാ വികാസ മേഖലയിലും സർഗാത്മക സൗന്ദര്യാത്മക വികാസ മേഖലയിലും ഉണ്ട്. അവ നേടുക എന്നതാണ് പാട്ടരങ്ങിന്റെ പ്രധാനലക്ഷ്യം.

പ്രവർത്തന ഘട്ടങ്ങൾ:

പാട്ട് അരങ്ങുകളിൽ അവതരിപ്പിക്കുന്നു. താളത്തിനൊത്ത് ശരീര ചലനങ്ങളുടെ ആകർഷകമായി ചൊല്ലുന്നു. ചെറു സദസ്സുകൾ, കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായി ഒറ്റയ്ക്കും കൂട്ടമായും രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു. താള വൈവിധ്യമുള്ള പാട്ടുകൾ ഒറ്റയ്ക്കും കൂട്ടമായും ചൊല്ലുന്നു.പാട്ടരങ്ങുകളിൽ

ആശയവും താളവും തുടർച്ചയും ഉൾക്കൊണ്ട് കുട്ടികാർ പാടി നിർത്തിയെടുത്ത് തുടങ്ങുകയും അവർക്ക് തുടരുവാൻ ഭാഗമായി ഇടത്തിൽ ചൊല്ലി നിർത്തുകയും ചെയ്യുന്നു.

<u>സംയുക്ത ഡയറി</u> <u>ജൂൺ - മാർച്ച്</u>

2023 - 2024 അക്കാദമിക വർഷം കേരളത്തിലെ ഒന്നാം ക്ലാസിൽ പ്രയോഗിച്ച് വിജയം കണ്ട പരിപാടിയാണിത്. ബഹുഭൂരിപക്ഷം രക്ഷിതാക്കളും ഇത് തുടരണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്ര രചയിതാക്കൾ ആക്കാൻ സഹായകമാണിത്.

<u>ഉപലക്ഷ്യങ്ങൾ</u>:

കുട്ടിയുടെ സ്വതന്ത്രരചനാ ശേഷി വികസിപ്പിക്കുക.പരിചയിച്ച അക്ഷരങ്ങൾ പുതിയ രചന സന്ദർഭങ്ങൾ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക.കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രം സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.ആശയാ വിതരണ രീതിയുടെ ഉയർന്ന രൂപങ്ങൾ ഒന്നെന്ന രീതിയിൽ സംയുക്ത ഡയറിയെഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക.

<u>പ്രവർത്തന ഘട്ടങ്ങൾ:</u>

ക്ലാസ് പിടിഎ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ, അച്ചടിച്ച ഡയറി കാണുവാൻ അവസരം ഒരുക്കൽ, ഡയറിയെഴുത്തുമായുണ്ടായ ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ,

കുട്ടിയോടൊപ്പമിരുന്ന് ഡയറി എഴുതി പ്രക്രിയ മനസ്സിലാക്കൽ, എഴുതുന്നതിനായി ഓരോ കുട്ടിക്കും നോട്ടുബുക്ക് ഉറപ്പാക്കുക, എല്ലാദിവസവും ഡയറി പരിശോധിക്കുക, ക്ലാസ്സിൽ വായിക്കുക, സ്റ്റാറും ശരിയും നൽകുക, സമ്മതത്തോടെയുള്ള തിരുത്തലുകളും നടത്തുക, ഗുണാത്മകക്കുറിപ്പുകൾ രേഖപ്പെടുത്തൽ, സംയുക്ത ഡയറി പുരോഗതി വിലയിരുത്തൽ, വിവിധ തീമുകളുമായി ബന്ധപ്പെട്ട രചനകൾ തയ്യാറാക്കിക്കുക, സംയുക്ത ഡയറിയിൽ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോ ആയി സൂക്ഷിക്കുക, ഡയറിയുടെ പ്രകാശനം നടത്തുക.

<u>വായനോത്സവം</u>

വായനോത്സവത്തിന്റെ ഭാഗമായി സംയുക്ത വായനയിൽ തുടങ്ങി ബാലസാഹിത്യകൃതികളുടെ വായനയിൽ അവസാനിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റാൻ ശ്രമിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

<u>ഉപലക്ഷ്യങ്ങൾ:</u>

ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഒരുക്കുക, രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക, എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക, വായിച്ച് ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ വാചിക അവതരണ ശേഷി വികസിപ്പിക്കുക, ആശയഗ്രഹണവായന, ആസ്വാദ്യവായന എന്നിവ പ്രോത്സാഹിപ്പിക്കുക, കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക.

## പ്രവർത്തന ഘട്ടങ്ങൾ :

ജൂൺ

- ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ ( ചിത്രങ്ങൾ കൂടുതലും എഴുത്ത് കുറവും ഉള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കൽ )
- ക്ലാസ് പിടിഎ കൂടുന്നു.

ജൂലൈ:

- കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ, പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു.

- രക്ഷിതാവ് വായിച്ചു കേൾപ്പിച്ച കഥ ക്ലാസ്സിൽ പറയുന്നു. വായിച്ച കഥയിലെ ഇഷ്ടകഥാപാത്രത്തെ ചിത്രീകരിക്കുന്നു.

## ഓഗസ്റ്റ് – നവംബർ:

- കഥാപുസ്തകം നൽകുന്നു.
- കുട്ടി ചിത്രം നോക്കി കഥ പറയുന്നു.
- അമ്മ കഥ വായിക്കുന്നു
- ബാക്കി കഥ ചോർച്ചയില്ലാതെ കുട്ടി ബാക്കി വായിക്കുന്നു.

- അമ്മ രണ്ടും മൂന്നു തവണ വായിക്കുന്നു.
- കഥയുടെ ആശയം കുട്ടി തന്നെ വായിച്ചു പറയുന്നു.
- ക്ലാസ് പി. ടി. എ. യിൽ പുസ്തകം പരിചയപ്പെടുത്തി കുട്ടി കഥ വായിക്കുന്നു.

ഡിസംബർ - ജനുവരി:

- പുസ്തകം നോക്കി കുട്ടി തനിയെ വായിക്കുന്നു.(ശ്രമിക്കുന്നു.)
- രണ്ടുമൂന്നു തവണ ഒരേ പുസ്തകം വായിക്കുന്നു.
- കഥയുടെ ആശയം കുട്ടി തന്നെ വായിച്ചു പറയുന്നു.
- ക്ലാസ് പി. ടി. എ. യിൽ പുസ്തകം പരിചയപ്പെടുത്തി കഥ വായിക്കുന്നു.
- പഠനോത്സവത്തിൽ പൊതുജനസമക്ഷം വായിച്ചവതരിപ്പിക്കുന്നു.

മാർച്ച്: കലോത്സവം വായനയുടെ മൂന്നാംഘട്ടം:-

- രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചു കേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കിടുന്ന പ്രവർത്തനം.
- ക്ലാസ് പി. ടി. എ. യിൽ പുസ്തകവായന പുസ്തകോത്സവം നടത്തുന്നു.

ഏപ്രിൽ മെയ് :

- വായനയ്ക്ക് അവധിയില്ല എന്നതിലൂടെ അവധിക്കാലത്ത് കുട്ടികൾക്ക് പുസ്തകങ്ങൾ നൽകുന്നു.
- വീഡിയോ പങ്കിടൽ
- പുസ്തകത്തെ പരിചയപ്പെടുത്തൽ

- വായിച്ച പുസ്തകത്തിന്റെ ഉള്ളടക്കം ചിത്രകഥാരൂപത്തിലാക്കൽ
- രംഗങ്ങൾ ചിത്രീകരിച്ച് സംഭാഷണമാക്കൽ
- ഇഷ്ടകഥാപാത്രത്തെ ചിത്രീകരിക്കൽ
- കഥയിലെ കഥാപാത്രങ്ങളെ ഇഷ്ടപ്പെടാനുള്ള കാരണം ഗ്രൂപ്പിൽ അവതരിപ്പിക്കൽ.

നിർമ്മാണ ശില്പശാല :

മൂന്നാം യൂണിറ്റായ ആർഷോ ഇർറോ എന്ന പാഠത്തോട് അനുബന്ധിച്ചാണ് നിർമ്മാണ ശില്പശാല നടത്തുന്നത്.

ഉപലക്ഷ്യങ്ങൾ:

പരിസ്ഥിസൗഹൃദമായ കളി ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നത്, പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങൾ ആക്കി മാറ്റുക, കുട്ടികളുടെ കലാപരമായശേഷിയും കരവിരുതും വർധിപ്പിക്കുക.

പ്രവർത്തന ഘട്ടങ്ങൾ

ക്ലാസ് പിടിഎയിൽ കളിപ്പാട്ട നിർമ്മാണശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ, നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ, എല്ലാ കുട്ടികളേയും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുന്നു. ഇതിനാൽ എല്ലാ കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തം വേണം.

## റീഡേഴ്സ് തിയേറ്റർ

പാഠപുസ്തകത്തിൽ ഉള്ളതും പാഠപുസ്തകത്തിന് പുറത്തുള്ളതുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമാണ് റിഡേഴ്സ് തിയേറ്റർ ഒരുക്കുന്നത്. വായന ചുമതലകൾ വിഭജിച്ചെടുത്തും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

## ഉപലക്ഷ്യങ്ങൾ

ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ സദസ്സിനു മുൻപാകെ ഉച്ചത്തിൽ വായന നടത്തുന്ന കഴിവ് വളർത്തുക.വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താൽപര്യം കൂട്ടുക.

## പ്രവർത്തനഘട്ടങ്ങൾ

ക്ലാസ് പി.ടി.എ. യിൽ ചർച്ച ചെയ്യൽ, റീഡേഴ്സ് തിയേറ്റർ ഭാഷോത്സവത്തിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്യൽ,വായനാകൂട്ടം തീരുമാനിക്കൽ, വേദിയിൽ അവതരിപ്പിക്കൽ.

## രചനോത്സവം

ആശയവിതരണ രീതി പ്രകാരമുള്ള ഭാഷാ പഠനത്തിൽ കുട്ടികളുടെ ആശയ പ്രകാശനത്തിന് ആസ്വാദ്യമായ ചില പ്രവർത്തനങ്ങൾ ആവശ്യമാണ്. തുറന്ന പാഠങ്ങളും ചലനാത്മക ചിത്രങ്ങളും പ്രയോജനപ്പെടുത്തി കുട്ടികളുടെ ഭാവന ഉണർത്തി രചനയിലേക്ക് നയിക്കണം.രചനകളുടെ വൈവിധ്യം മറ്റു കുട്ടികളുടെ സൃഷ്ടികൾ വായിക്കുന്നതിന് പ്രേരിപ്പിക്കും. മാത്രമല്ല സർഗാത്മക രചനകൾ വേഗം അംഗീകാരം നേടുകയും ചെയ്യും. രണ്ടാം ടേം മുതൽ രചനോത്സവം ആരംഭിക്കും.

**ഉപലക്ഷ്യങ്ങൾ**

കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന്, സ്വതന്ത്ര വായനയ്ക്ക് രചനയ്ക്ക് അവസരമൊരുക്കുക, അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.

**വിലയിരുത്തൽ**

**ഉപലക്ഷ്യങ്ങൾ**

സ്വയം വിലയിരുത്തൽ നടത്താൻ, പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്താൻ, അധ്യാപികയുടെ വിലയിരുത്തൽ, പിന്നോക്കം നിൽക്കുന്ന കുട്ടിയെ പരിഗണിക്കാൻ രക്ഷിതാക്കളുടെ വിലയിരുത്തൽ, കുട്ടികളുടെ പഠനം കണ്ടെത്താൻ ഒന്നാം ക്ലാസിലെ മികവാർന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കൽ.

**പ്രവർത്തന ഘട്ടങ്ങൾ**

**സ്വയം വിലയിരുത്തൽ**

കുട്ടികൾ തന്റെ എഴുത്ത്, വായന, ഉൽപ്പന്നം, പെരുമാറ്റം എന്നിവ സഹപാഠികളുടെയും ടീച്ചറുടെയും എഴുത്ത്, വായന, ഉൽപ്പന്നം എന്നിവയുമായി താരതമ്യം ചെയ്ത് മെച്ചപ്പെടുത്തൽ, സ്വന്തം പ്രവർത്തനം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ, സൂചകങ്ങൾ വികസിപ്പിക്കൽ. അധ്യാപികയുടെ വിലയിരുത്തൽ, രക്ഷിതാക്കളുടെ വിലയിരുത്തൽ.

## <u>ഗണിതം</u>

### <u>ലക്ഷ്യങ്ങൾ</u>

കുട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഗണിതം കൂടുതൽ ലളിതമാക്കൽ, പിന്നാക്കവസ്ഥ പരിഹരിക്കൽ, മഞ്ചാടി സംഘി ഉൾപ്പെടുത്തി ഗണിത പഠനം കൂടുതൽ രസമാക്കൽ, ഗണിത പാട്ടുകൾ പാടി രസിക്കൽ, വസ്തുക്കളെ ഗണിത ആശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ്, സംഖ്യാബോധം, സങ്കലനം വ്യവകലനം, സംഖ്യ വ്യാഖ്യാനം തുടങ്ങിയ പഠനനേട്ടം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം.

<u>പ്രവർത്തന വിശദാംശങ്ങൾ</u>        സമയം - ജൂൺ മാർച്ച്

ഗണിത കേളികൾ മഞ്ചാടി സഞ്ചി എന്റെ കുഞ്ഞുപുസ്തകം രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടി സഞ്ചി, മഞ്ചാടി സഞ്ചിയുടെ ഉപയോഗം പ്രാധാന്യം ഇവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

<u>എന്റെ കുഞ്ഞുപുസ്തകം</u>

- എല്ലാ കുട്ടികളും എന്റെ കുഞ്ഞു പുസ്തകം നിർമ്മിക്കുന്നു.
- ഫലപ്രദമായി ക്ലാസുകൾ പ്രയോജനപ്പെടുത്തുന്നു.

## പരിസര പഠനം

### ഉപലക്ഷ്യങ്ങൾ

- കുട്ടികൾ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക.
- തന്റെ പരിസരവുമായി ഇഴുകിച്ചേർന്നു പഠിക്കുന്നതിനും ശാസ്ത്രബോധം വളർത്തിയെടുക്കാനും.

### പ്രവർത്തന ഘട്ടങ്ങൾ

- പ്രകൃതി നടത്തം നിരീക്ഷണങ്ങൾ (മരങ്ങൾ പൂക്കൾ ചെടികൾ പക്ഷികൾ)
- ആൽബം നിർമ്മാണം പക്ഷികൾ തൂവലുകൾ പൂക്കൾ പഴങ്ങൾ ശാസ്ത്ര പതിപ്പുകൾ
- പരിസ്ഥിതി ഗാനങ്ങൾ ആലപിക്കൽ
- അടുക്കളത്തോട്ട നിർമ്മാണം, ഔഷധത്തോട്ടം ഒരുക്കൽ, ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ

### English

### Subject objectives

- All learners get interested in English learning
- All engage in games and group level activities
- Listen to narratives and teacher talks and show signs of understanding verbally
- Able to compression the instructions of the teacher and respond accordingly.

- Familiarise with English words denoting vehicles animals and birds
- Familiarise with phasic communication, expressions such as hello I am sorry thank you bye etc.
- Familiarise with rhythm pattern of songs
- Construct the dialogues related to specific contacts using fragmentary expressions or mixed with the mother tongue

Activities

- Engaging learners in English learning by using puppets to tell story and making the session interactive by having students ask and answer questions.
- Engaging learners in activities by playing games like Simon says red light green light or duck duck goose with an English twist to keep them engaged
- Helping learners associate text with text books by providing text and images from there text books and asking the to match them correctly
- Teaching possessive words has or have by having students bring an exam from home and describe it using has or have
- My toy car has four wheels.

# അക്കാദമിക മാസ്റ്റർ പ്ലാൻ    ക്ലാസ് 2    2025 – 2026

## ആമുഖം

ജി. എച്ച്. എസ്. എസ്. ആയാപറമ്പ് സ്കൂളിലെ 2025 - 26 അദ്ധ്യയന വർഷം ഏഴ് കുട്ടികൾ രണ്ടാം ക്ലാസ് എ ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻതയ്യാറാക്കുന്നത്. കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ഭാഷാശേഷി വികസനത്തിൽ ഊന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻസമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളുംസ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുസാഹിത്യകൃതികൾ വായിക്കുന്നതിനുംഅനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നതിലും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറിയെഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് അവസരം ഒരുക്കും.

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം,വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടികളുടെ ശേഷി പരിഗണിച്ചാണ്

ക്ലാസ്സ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

## മുന്നൊരുക്കം

പ്രീ ടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെയും കണ്ടെത്തുന്നു കുട്ടികളുടെ നിലവിലുള്ള അവസ്ഥ കഴിവുകൾ പരിമിതികൾ എന്നിവ സി പി ടി എ നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരം ഉണ്ടാകുന്നു.

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ്സ് -II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള മധുരം<br>• ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. | • അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ് ആർ ജി യിൽ അവലോകനം ചെയ്യുന്നു. (മെയ് അവസാനം)<br>• തുടർ പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷകർത്താവ് സി പി ടി എ | എസ് എസ് എ |

| | | | | |
|---|---|---|---|---|
| • സർഗ്ഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നുഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.<br>• ആശയം ഗ്രഹിച്ച മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.<br><br>സംയുക്ത ഡയറി<br>സംയുക്ത ഡയറി സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി | ആസൂത്രണം ചെയ്യുന്നു.<br>• സി പി ടി എ യിൽ അവലോകനവും തുടർ പ്രവർത്തനങ്ങളുടെ വിശദീകരണവും<br>• കുട്ടിയും രക്ഷിതാവും ചേർന്ന് വായന ആരംഭിക്കുന്നു .<br>• തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം കലോത്സവം വായന ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.<br>• കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.<br>• സി പി ടി യിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു<br>• രക്ഷകർത്താക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് സി പി ടി എ | എസ് എം സി |

| | | | | |
|---|---|---|---|---|
| നേടുന്നു .<br>• സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നത് സാധിക്കുന്നു<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു<br>സചിത്ര പുസ്തകം<br>• രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.<br>സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ സർഗാത്മകതയെ തട്ടിയുണർത്താം. | • എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>• ടീച്ചർ ഡയറി പരിശോധിച്ചു വിലയിരുത്തുന്നു.<br>• കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു.<br>• സചിത്ര ഡയറി പുസ്തകരൂപത്തിലേക്ക് മാറ്റുന്നു.<br>കഴിഞ്ഞവർഷം അവതരിപ്പിച്ച സചിത്ര പാഠ ഭാഗങ്ങൾ അനുഭവങ്ങളുടെ | ജൂൺ മാർച്ച്<br>ഡിസംബർ ജനുവരി | ക്ലാസ് ടീച്ചർ രക്ഷിതാവ്<br>S M C അധ്യാപകൻ ക്ലാസുകൾ | എസ് എം സി എസ് എസ് എ<br>എസ് ആർ ജി എസ് എം സി |

| | | | | |
|---|---|---|---|---|
| | അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. വർക്ക് ബുക്ക് രൂപത്തിലാക്കിയ ചരിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു<br><br><br>രചന ശിൽപ്പശാല കഥ കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | | | |

**മേഖല - അക്കാദമികം**
**ഉപ മേഖല - പരിസര പഠനം**
**ക്ലാസ്സ് - II**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ലക്ഷ്യം ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും | ശുചിത്വ സർവ്വേപോസ്റ്റർ പ്ലക്കാർഡ് രചന മത്സരങ്ങൾ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ എസ് ആർ | |

| | | | | |
|---|---|---|---|---|
| സൃഷ്ടിക്കുന്നതിന് ട്രാഫിക് നിയമങ്ങൾ വാഹനാപകടംകുറയ്ക്കുന്നതിന് അവബോധം ലഹരിയുടെ ഉപയോഗം ആരോഗ്യം വ്യായാമം കായിക ക്ഷമത ആഹാരശീലം ഡിജിറ്റൽ അച്ചടക്കം പൊതുമുതൽ സംരക്ഷണം.<br><br>പ്രകൃതിയെ അറിയാൻ നാട് അറിയാൻ നാട്ടറിവുകൾ | ക്ലാസുകൾ ഐസിടി സാധ്യത<br><br>പ്രകൃതി നടത്തം വൺഡേ ടൂർ കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്ക് കർഷകരാകാം. | സെപ്റ്റംബർ ഡിസംബർ ജനുവരി മാർച്ച് | ജി എസ് എം സി<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | |

**മേഖല - അക്കാദമികം**
**ഉപമേഖല - ഇംഗ്ലീഷ്**
**ക്ലാസ് - ll**

| Aim | Activities | Duration | Duties |
|---|---|---|---|
| speak read and write English without any | June pretest to develop listening skill and reading skill | June July August | class teacher |

| | | | |
|---|---|---|---|
| mistake<br><br><br><br><br>Reading skills<br><br><br><br><br><br>writing skills | first listening skills games action songs Hello English activities conversation skit stories use i c t speaking skills.<br><br>Description growing sentence picture reading picture description self introduction assembly activities speech book review twist riddles cells introduction School radio etc.<br><br>Reading skills newspaper reading library books reading book review reading breaking news find words collect and read past tense rhyming words | July-March | Class Teacher S M C,PTA |

| | | | |
|---|---|---|---|
| | describing words etc.text book activities.<br>make word web picture description word chain sentence chain make words and sentence make riddles conversation add more lines develop story description notice proclamation diary letter announcement magazines | | |

**മേഖല : അക്കാദമികം**
**ഉപമേഖല : ഗണിതം**
**ക്ലാസ് : II**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ ഗണിത ക്യാമ്പ് ഗണിതം കളികളിലൂടെ | ജൂൺ മാർച്ച് ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | എസ് ആർ ജി ക്ലാസ് ടീച്ചർ | എസ് എസ് എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 3 2025 – 2026

## മലയാളം

| | | |
|---|---|---|
| • ചിത്ര വായന .<br>• കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ് അവതരണം.<br>• ചിത്രത്തെക്കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക .<br>• ചിത്രവിവരണം. | ജൂൺ | S R G |
| • കഥാപുസ്തകങ്ങൾ വായിക്കുക.<br>• വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക.<br>• വാക്കുകളുടെ പദസൂര്യൻ നിർമ്മിക്കുക.<br>• ചോദ്യങ്ങൾ നിർമ്മിക്കുക. ചോദ്യോത്തര പയറ്റ്.<br>• ഭാവാത്മക വായന. | ജൂലൈ | S R G |
| • കഥപറയൽ ഐ സി ടി ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ.<br>• വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ എഴുതുക.<br>• കഥ എഴുതുക കഥ വായന.<br>• റോൾപ്ലേ. | ഓഗസ്റ്റ് | S R G |
| • അനുഭവക്കുറിപ്പുകൾ തയ്യാറാക്കുക അവതരണം.<br>• നാടൻ പാട്ടുകൾ കേൾക്കുക.<br>• വായ്ത്താരികൾ തയ്യാറാക്കി ഈണത്തിൽ ചൊല്ലുക.<br>• കടങ്കഥ പതിപ്പ് പ്രകാശനം. | സെപ്റ്റംബർ | S R G |

| | | |
|---|---|---|
| • വിവിധ കലാരൂപങ്ങൾ ഐസിടി വീഡിയോ ദർശനം.<br>• പലഹാര പ്രദർശനം.<br>• ശുചിത്വ സന്ദേശം -പോസ്റ്റർ നിർമ്മാണം.<br>• കൃഷി ചൊല്ലുകൾ -പതിപ്പ് തയ്യാറാക്കുക.<br>• സ്വന്തമായി എഴുതിയ വരികൾ- അവതരണം.<br>• വായനക്കുറിപ്പ് തയ്യാറാക്കുക.<br>• യാത്രാനുഭവകുറിപ്പ് തയ്യാറാക്കുക.<br>• ആശംസ കാർഡ് നിർമ്മാണം.<br>• ആശംസ വാക്യങ്ങൾ എഴുതുക.<br>• മാജിക് അവതരണം.<br>• മാജിക് ഷോ അറിയിപ്പ്.<br>• പഠനോത്സവം. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | S R G<br>S R G<br>S R G<br>S R G<br>MPTA |

## പരിസര പഠനം

| പ്രവർത്തനങ്ങൾ | മാസം | പിന്തുണ സംവിധാനം |
|---|---|---|
| • ചെടികൾ നിരീക്ഷിക്കുന്നു<br>• പ്രകൃതി നടത്തം | ജൂൺ | എസ് ആർ ജി |

| | | |
|---|---|---|
| • വിത്ത് മുളപ്പിക്കൽ | | |
| • വ്യത്യസ്ത തരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു | | |
| • പരിസ്ഥിതി ദിനാചരണം | ജൂലൈ | പി ടി എ<br>S R G |
| • വ്യത്യസ്തതരം ജീവികളെ നിരീക്ഷണം ചിത്രശേഖരണം | | |
| • മണ്ണ് നിരീക്ഷണം | | |
| • ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം | | |
| • സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ | വർഷം<br>മുഴുവൻ | ടീച്ചർ |
| • മഴമാപിനി നിർമ്മാണം | ഓഗസ്റ്റ് | |
| • ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം | | |
| • മണ്ണുകൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ | | |
| • ആശയ പടം തയ്യാറാക്കൽ | | എസ് ആർ ജി<br>പിടിഎ |
| • ശുചിത്വ പോസ്റ്റർ നിർമ്മാണം | സെപ്റ്റംബർ | |
| • സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ | | |
| • ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ | | |
| • ഫീൽഡ് ട്രിപ്പ് -പഴം /പച്ചക്കറി കട | | എസ് ആർ ജി<br>പിടിഎ<br>എം പി ടി എ |
| • ഫുഡ് ഫെസ്റ്റിവൽ | ഒക്ടോബർ | |

| | | |
|---|---|---|
| • സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>• ശരിയായ ഭക്ഷണശീലം പോസ്റ്റർ<br>• ഗ്ലോബ് നിർമ്മാണം<br>• ദേശീയപതാക വരയ്ക്ക്<br>• ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>• ഭൂപട വായന<br>• എൻറെ കേരളം -ചിത്രരചന<br>• റോൾപ്ലേ -റോഡ് നിയമങ്ങൾ<br>• First Aid Kit തയ്യാറാക്കൽ<br>• എൻറെ കേരളം -കുറിപ്പ് ,ചോദ്യോത്തര പയറ്റ്<br>• ജീവികളുടെ കൂടുകൾ -ചിത്രശേഖരണം<br>• വ്യത്യസ്തതരം വീടുകൾ -ആൽബം തയ്യാറാക്കൽ<br>• വ്യത്യസ്തതരം ജോലികൾ -ഐസിടി വീഡിയോ<br>• പൊതു സ്ഥാപനം ഫീൽഡ് വിസിറ്റ് ,ഇൻറർവ്യൂ<br>• പഠനോത്സവം | നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | S R G<br>S R G<br>S R G<br>S R G<br>PTA |

# English

| Activities | Month | Support System |
|---|---|---|
| • To check the vocabulary and writing skills of pupils<br>• Book reading<br>• Find the words<br>• Rhyming words | June | S R G |
| • Writing skills<br>• Make Word web<br>• Write picture description | July | S R G |
| • Word chain<br>• Make words and sentence<br>• Make riddles | August | S R G |
| • Make conversations<br>• Add more lines<br>• Skit<br>• Develop Story | September | S R G |

| | | |
|---|---|---|
| • Description<br>• Thoughts writing and reading<br>• Develop story | October To March | S R G<br>PTA |
| • Making announcement<br>• Padanolsavam | March | S R G<br>PTA<br>MPTA |

## ഗണിതം

| പ്രവർത്തനങ്ങൾ | മാസം | പിന്തുണ സംവിധാനം |
|---|---|---|
| • വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ (ഏണിയും പാമ്പും കളി ഡയസ് കളി) | ജൂൺ | ക്ലാസ് ടീച്ചർ |
| • സങ്കലനം - വ്യവകലനം | | |
| • രൂപങ്ങൾ വരയ്ക്കുക( ചതുരം ത്രികോണം വൃത്തം സമചതുരം) | | ക്ലാസ് ടീച്ചർ |
| • വിവിധ രൂപങ്ങൾ വരുന്ന രീതിയിൽ ചിത്രങ്ങൾ ഉൾപ്പെടുത്തി ആശംസ കാർഡ് തയ്യാറാക്കുക | ജൂലൈ | |

| | | |
|---|---|---|
| • ആശംസ കാർഡ് പ്രദർശനം | | |
| • സ്ഥാന വില പോക്കറ്റ് തയ്യാറാക്കുക | | |
| • സ്ഥാനവില പോക്കറ്റ് ഉപയോഗിച്ച് സംഖ്യകൾ രൂപീകരിക്കുന്നു(മൂന്നക്ക സംഖ്യകൾ ) | | |
| • അബാക്കസ് നിർമ്മാണം | | ക്ലാസ് ടീച്ചർ |
| • അബാക്കസ് ഉപയോഗിച്ച് സംഖ്യകൾ രൂപീകരിക്കുന്നു | | |
| • രൂപീകരിച്ച സംഖ്യകൾ അക്കത്തിൽ നിന്നും അക്ഷരത്തിലേക്ക് എഴുതുന്നു | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ |
| • സംഖ്യ പാറ്റേണുകൾ തയ്യാറാക്കുന്നു | | |
| • ടോക്കണുകൾ രണ്ടു തവണ എറിഞ്ഞുള്ള കളിയിലൂടെ മൂന്നക്ക സംഖ്യകളുടെ സങ്കലനം വ്യവകലനം | സെപ്റ്റംബർ | |
| • സ്കെയിൽ നിർമ്മാണം | നവംബർ | ക്ലാസ് ടീച്ചർ |
| • നിർമിച്ച സ്കെയിൽ ഉപയോഗിച്ച് അളക്കൽ | | |
| • കളിനോട്ട് നിർമ്മാണം തുക കണ്ടെത്തൽ–ബാക്കി എത്ര | | |
| • ക്ലോക്ക് നിർമ്മാണം സമയം നോക്കി അഭിനയിക്കാൻ (രാവിലെ ഉണരുന്നു, പല്ലു തേക്കുന്നു etc) | ഡിസംബർ | ക്ലാസ് ടീച്ചർ |
| • മഞ്ചാടി കുന്നിക്കുരു ഇവ ഉപയോഗിച്ചുള്ള കളികളിലൂടെ ഗുണനം ഹരണം ഉറപ്പിക്കുന്നു | | |
| • അളവ് പാത്രങ്ങൾ നിർമ്മിക്കുന്നു,അളക്കൽ (ലിറ്റർ മില്ലി ലിറ്റർ) | ജനുവരി - മാർച്ച് | ക്ലാസ് ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 4 2025 – 2026

**മേഖല : അക്കാദമികം**

**ഉപമേഖല : ഇംഗ്ലീഷ്**

**ക്ലാസ്** : IV

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| വായന -ആശയം അറിഞ്ഞു ഒഴുക്കോടെ | • ക്ലാസ് ലൈബ്രറി വികസനം<br>• വാർത്താ വായന മത്സരം സംഘടിപ്പിക്കൽ<br>• ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ<br><br>മാർച്ച്<br><br>മാസത്തിൽ 1 തവണ( ജൂൺ മാർച്ച്) | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ ,HM, S R G<br><br>ക്ലാസ് ടീച്ചർ ,HM, S R G | പിടിഎ<br><br>പിടിഎ<br><br>പിടിഎ |

**ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)**

| | | | | |
|---|---|---|---|---|
